Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

25.03.2026

# ഹാർമണി 2026 :

## ജൂബിലി നേഴ്സിങ്ങ് സ്കൂളിൽ മാതാപിതാക്കളുടെ സംഗമം

ജൂബിലി മിഷൻ ആശുപത്രിയുടെ പ്ലാറ്റിനം ജൂബിലി വർഷാഘോഷത്തിന്റേയും ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിങ്ങിന്റെ ഡയമണ്ട് ജൂബിലി ആഘോഷത്തിന്റേയും ഭാഗമായി ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിങ്ങ് സംഘടിപ്പിച്ച 'ഹാർമണി 2026' എന്ന മാതാപിതാക്കളുടെ സംഗമം ബിഷപ്പ് ആലപ്പാട്ട് ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിങ്ങ് പ്രിൻസിപ്പാൾ സി. റെജി അഗസ്റ്റിൻ സ്വാഗതം ആശംസിച്ചു. ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ പരിപാടി ഉദ്ഘാടനം ചെയ്തു. സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് അദ്ധ്യക്ഷത വഹിച്ചു. അസി. ഡയറക്ടർ ഫാ. ജോയ്സൺ ചെറുവത്തൂർ ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങിന്റെ പ്രിൻസിപ്പാൾ ഡോ.സി.ജൂഡി എസ്.ഐ.സി., പി.ടി.എ. പ്രസിഡണ്ട് സാബു കെ. ജോൺ, റിസേർച്ച് കോർഡിനേറ്റർ ഡോ. വർഗ്ഗീസ് എന്നിവർ ആശംസകളർപ്പിച്ചു. സ്കൂൾ ഓഫ് നേഴ്സിങ്ങിന്റെ വൈസ് പ്രിൻസിപ്പാൾ സിജി ജോസ് നന്ദി രേഖപ്പെടുത്തി. 'ഹെൽത്തി ഫാമിലി ഹെൽത്തി കാമ്പസ്' എന്ന വിഷയത്തെ ആസ്പദമാക്കി ജൂബിലി സൈക്യാട്രി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഫാ.ഡോ. ദേവ് അഗസ്റ്റിൻ അക്കര മാതാപിതാക്കൾക്കായി ബോധവത്ക്കരണ ക്ലാസുകൾ നയിച്ചു. വിദ്യാർത്ഥികളുടെ കലാപരിപാടികളോടുകൂടി പരിപാടി സമാപിച്ചു.